**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1200** **10-08-2023 - ൽ മറുപടിയ്ക്ക്**

**കടൽ മണൽ ഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കടലിൽ മണൽഖനനം നടത്തുന്നതിനു വൻകിട കമ്പനികളെ അനുവദിക്കാനുള്ള കേന്ദ്രസർക്കാർ നീക്കം മത്സ്യത്തൊഴിലാളികളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേന്ദ്ര ഖനി മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ 2023 ഫെബ്രുവരി 9 ന് നൽകിയ നോട്ടിഫിക്കേഷൻ പ്രകാരം ഓഫ് ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ട്-2002 (OAMDR Act) ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നതായി കേന്ദ്ര സർക്കാർ അറിയിക്കുകയും പൊതുജനങ്ങൾക്കും സംസ്ഥാന സർക്കാരുകൾക്കും ആയതിനെ കുറിച്ച് അഭിപ്രായം അറിയിക്കുന്നതിന് 2023 മാർച്ച് 11 വരെ സമയം അനുവദിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പ്രസ്തുത കരട് ഭേദഗതി ആക്ട് പരിശോധിച്ചപ്പോൾ ആയത് കേരളത്തിലെ മത്സ്യമേഖലയേയും മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണത്തെയും പ്രതികൂലമായി ബാധിക്കുമെന്ന് ബോധ്യപ്പെടുകയും കടൽ തട്ട് ഖനനം ചെയ്യുന്നതിനായി നിർദ്ദിഷ്ട നിയമം ഭേദഗതി ചെയ്യുന്നതിനുള്ള തീരുമാനം ഉപേക്ഷിക്കണം എന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കടൽ ഖനനം ഏറെ സാമ്പത്തിക മുതൽ മുടക്കും സാങ്കേതിക പിൻബലവും ആവശ്യമുള്ള മേഖലയാണ്. ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നത് തീർച്ചയായും വൻകിട കുത്തക കമ്പനികളായിരിക്കും. വൻകിട കമ്പനികളുടെ ലാഭത്തിനായി പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണ മാർഗ്ഗവും സാധാരണ ജനങ്ങളുടെ പോഷക സ്രോതസ്സും ഇല്ലാതാക്കുന്നത് തീരപ്രദേശത്ത് അരക്ഷിതാവസ്ഥയ്ക്ക് കാരണമാവും എന്ന കാര്യത്തിൽ സംശയമില്ല. വിഷയം സംബന്ധിച്ച് സംസ്ഥാനത്തിന്റെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും ആശങ്കകൾ കൃത്യമായി കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നിലപാട് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | (ബി) | മറുപടി പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട് |
| (സി) | എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | മറുപടി പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ